67

ഏതൊരു കാലത്തും ഏതൊരു നേരത്തും
യേശുവെ നിന്നെ ഞാൻ സ്തുതിക്കും
ഇമ്പമാണെങ്കിലും തുമ്പമാണെങ്കിലും
എൻപരാ! നിന്നെ ഞാൻ സ്തുതിക്കും

1. എൻ ഭയം നീക്കി എന്നഘം പോക്കി
   എന്നെ നന്നാക്കി നീ നിൻ മകനാക്കി

2 നല്ലവൻ നീയേ വല്ലഭൻ നീയേ
  അല്ലലേറുമ്പോളെന്നാശ്രയം നീയേ-

3 ബാലസിംഹങ്ങൾ വിശന്നിരിക്കുമ്പോൾ
  പാലനം നൽകും നീ നിൻസുതർക്കെന്നും

4 നിന്നെ നോക്കുന്നോർ ലജ്ജിതരാകാ
  നിൻ ജനം നിത്യം പ്രശോഭിതരാകും

5 ആദിയും നീയേ അനാദിയും നീയേ
  അന്തവും നീയേയെൻ സ്വന്തവും നീയേ